**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 899** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>കൈനക്കരി മുണ്ടക്കൽ പാലം അപ്രോച്ച് റോഡ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. റെജി ചെറിയാൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കുട്ടനാട് നിയോജകമണ്ഡലത്തിലെ കൈനകരി മുണ്ടക്കൽ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പ്രവൃത്തി 10 വർഷത്തിലധികമായി നിശ്ചലാവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** 22.50 കോടി രൂപയുടെ ഭരണാനുമതിയും 25.85 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയ കൈനകരി മുണ്ടക്കൽ പാലം പ്രവൃത്തിയിൽ 151.80 മീറ്റർ നീളമുള്ള പാലത്തിന്റെയും ഇരുവശങ്ങളിൽ കപ്പുഴ ഭാഗത്ത് 100 മീറ്റർ നീളത്തിലും സൊസൈറ്റി ഭാഗത്ത് 136 മീറ്റർ നീളത്തിലുമുള്ള അപ്രോച്ച് റോഡിന്റെയും നിർമ്മാണം മാത്രമാണ് ഉൾക്കൊള്ളിച്ചിരുന്നത്. പ്രസ്തുത പ്രവൃത്തി 25-08-2021 ൽ പൂർത്തീകരിച്ചിരുന്നു. കണക്റ്റിംഗ് റോഡിന്റെ നിർമ്മാണം പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്നില്ല.

**(ബി)** തീർത്ഥാടന കേന്ദ്രമായ കൈനകരി ചാവറ ഭവനിലേക്കുള്ള റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ആലപ്പുഴ ജില്ലയിൽ കുട്ടനാട് നിയോജക മണ്ഡലത്തിൽ ഉള്ള മുണ്ടക്കൽ പാലത്തിനെ ചാവറ ഭവനുമായി ബന്ധിപ്പിക്കുന്ന ഈ റോഡിൻറെ നിർമ്മാണത്തിന് 15 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും, 9.51 കോടി രൂപയുടെ സാമ്പത്തികാനുമതിയും, 10.18 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ടി പ്രവൃത്തി 13.10.2025 തീയതിയിൽ ടെൻഡർ ചെയ്തുവെങ്കിലും സക്സസ്സ്ഫുൾ ബിഡ്ഡർ, ടെൻഡർ അപ്പ്രൂവൽ കമ്മിറ്റി നിർദേശ പ്രകാരം നെഗോസിയേഷനു തയ്യാറാകാത്തതിനാൽ റീടെൻഡർ ചെയ്യേണ്ടതുണ്ട്.

പ്രസ്തുത പ്രവർത്തിക്കായി 16 സർവ്വേ നമ്പറുകൾ ഉൾപ്പെട്ട ഏകദേശം 325 സെൻറ് സ്ഥലം പരിവർത്തനപ്പെടുത്തേണ്ടതുണ്ട്. നിലവിൽ, തണ്ണീർത്തട പരിവർത്തനത്തിനുള്ള അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. തണ്ണീർത്തട പരിവർത്തനത്തിനുള്ള നിരാക്ഷേപപത്രം ലഭിക്കുന്ന മുറയ്ക്ക് ടി പ്രവർത്തിക്ക് പുതുക്കിയ TS നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതുമാണ്.

**സെക്ഷൻ ഓഫീസർ**